(സി) ടി കേസിലെ പ്രതി സാമ്പത്തിക കുറ്റകൃത്യങ്ങളിലും ഗുണ്ടാലിസ്റ്റിലും ഉൾപ്പെട്ടയാളല്ല. എന്നാൽ സാമ്പത്തിക കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള പ്രതിയും ഗുണ്ടാ ലിസ്റ്റിൽ ഉൾപ്പെടുത്തുവാൻ ആവശ്യപ്പെട്ടിട്ടുള്ള പ്രതിയുമായ സൈജുവിനുവേണ്ടിയാണ് ടി കേസിലെ പ്രതിയായ ഏരൂർ സുബാഷ് വീട്ടമ്മയേയും കുടുംബത്തേയും ഭീഷണിപ്പെടുത്തിയത്. ആയതിനാണ് ടിയാനെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. സാമ്പത്തിക കുറ്റകൃത്യങ്ങളിൽ പ്രതിയായ സൈജു ഒളിവിലായതിനാൽ അറസ്റ്റ് ചെയ്യുവാൻ സാധിച്ചിട്ടില്ല.

2013-ലെ പണിമുടക്ക്

159 (7722) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-ലെ സർക്കാർ ജീവനക്കാരുടെ പണിമുടക്കുമായി ബന്ധപ്പെട്ട് എത്ര ജീവനക്കാരാണ് വിവിധ കോടതികളിൽ കേസിൽ ഉൾപ്പെട്ടിട്ടുള്ളത് ;

(ബി) പ്രസ്തുത ജീവനക്കാരുടെ പേരിൽ ഏതെല്ലാം നിയമങ്ങൾ അനുസരിച്ചാണ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) 484 ജീവനക്കാർ.

(ബി) പ്രസ്തുത ജീവനക്കാരുടെ പേരിൽ ഇന്ത്യൻ ശിക്ഷാനിയമം (IPC), Prevention of Damage to Public Property (PDPP) Act, കേരളാ പോലീസ് ആക്ട് (KP Act) എന്നീ നിയമങ്ങൾ പ്രകാരമാണ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

മൊബൈൽ പോലീസ് സ്റ്റേഷനുകൾ

160 (7723) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മൊബൈൽ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര പോലീസ് സ്റ്റേഷനുകളിലാണ് ആരംഭിക്കുന്നത് ; എവിടെയെല്ലാമാണെന്നും വ്യക്തമാക്കാമോ ;

(ബി) സാധാരണ പോലീസ് സ്റ്റേഷനുകളിൽ നിന്നും വ്യത്യസ്തമായി എന്ത് അധികാരമാണ് പ്രസ്തുത സ്റ്റേഷനുകൾക്ക് ഉള്ളതെന്ന് വിശദമാക്കുമോ ;

(സി) സംസ്ഥാനത്ത് എത്ര സൈബർ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) മൊബൈൽ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുവാനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ നിലവിലില്ല.

(സി) നിലവിൽ ഒരു സൈബർ പോലീസ് സ്റ്റേഷൻ തിരുവനന്തപുരത്ത് പ്രവർത്തിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly